# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1670 11-02-2013-ലെ മറുപടിയ്ക്ക്

## വേങ്ങേരി കാർഷിക വിപണന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.പ്രദീപ് കുമാർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും,<br>അച്ചടിയും,സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| കോഴിക്കോട് വേങ്ങേരി യിലെ കാർഷിക വിപണന കേന്ദ്രത്തിൽ നിലവിൽ നടക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | വേങ്ങേരി കാർഷിക വിപണന കേന്ദ്രത്തിൽ നിലവിൽ നടക്കുന്ന പ്രവർത്തനങ്ങൾ<br>(1) മാർക്കറ്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആഴ്ചയിൽ ചൊവ്വ, വെള്ളി ദിവസങ്ങളിൽ പച്ചക്കറി,പഴം കിഴങ്ങു വർഗ്ഗങ്ങളുടെ ലേലം നടക്കുന്നു.<br>2) ലേല ഉല്പന്നങ്ങൾ കൊണ്ടുവരുന്ന കർഷകർക്ക് സമാശ്വാസമായി കിലോക്ക് ഒരു രൂപ വീതം ട്രാൻസ്പോർട്ടിംഗ് ചാർജ് നൽകുന്നു.<br>3) മാർക്കറ്റിലെ ലേലനടപടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ക്ളസ്റ്ററുകൾ രൂപീകരിച്ചു. ക്ളസ്റ്റർ കമ്മിറ്റികൾ ഏക സമയ ധനസഹായം നൽകി പച്ചക്കറികൾ നേരിട്ട് സംഭരിച്ച് ചെറുകിട വ്യാപാരികൾക്ക് വിപണനം നടത്തുന്നു.<br>4) ഏക സമയ ധനസഹായം നൽകിയ 16 ക്ളസ്റ്ററുകൾ നല്ല രീതിയിൽ പ്രവർത്തിക്കുകയും അവർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ നേരിട്ട് മാർക്കറ്റിൽ ലേലത്തിനായി കൊണ്ടുവരുകയും ചെയ്യുന്നു.<br>5) കാർഷികോല്പന്നങ്ങളുടെ സംഭരണ വിപണനത്തിനായി സ്റ്റാളുകൾ വ്യവസ്ഥകൾക്ക് വിധേയമായി വാടകയ്ക്ക് നൽകുന്നു. |

6) സർക്കാർ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കർഷക സംഘങ്ങൾ ക്കും മീറ്റിംഗ് ആവശ്യാർത്ഥം കോൺഫറൻസ് ഹാളുകൾ വാടകയ്ക്ക് നൽകുന്നു.

7) മേൽ സ്ഥാപനങ്ങൾക്ക് ഔദ്യോഗികാവശ്യാർത്ഥം ഗസ്റ്റ് റൂമുകളും ഡോർമെട്രിയും താമസത്തിനായി വാടകയ്ക്ക് നൽകുന്നു.

8) മാർക്കറ്റ് ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി ക്വട്ടേഷൻ ലേലം മുഖേന ഹ്രസ്വകാല പച്ചക്കറി വിളകൾ കൃഷി ചെയ്യുന്നതിനായി കർഷകർക്ക് പാട്ടത്തിനു നൽകുന്നു.

9) 24 മണിക്കൂർ വെയിംഗ് ബ്രിജ് സൗകര്യം ലഭ്യമാക്കി കൊടുക്കുന്നു.

10) കൃഷി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് മാർക്കറ്റ് ശാക്തീകരണ പദ്ധതി നടപ്പിലാക്കി കൊണ്ടിരിക്കുന്നു.

11) മാർക്കറ്റിൽ കൂൺ വിത്തുല്പാദന ലാബ് പ്രവർത്തിക്കുകയും കർഷകർക്ക് നല്ലയിനം കൂൺ വിത്തുകൾ ലഭ്യമാക്കി കൊടുക്കുകയും ചെയ്യുന്നു.

12) മാർക്കറ്റ് സ്വന്തം നിലക്ക് ശീതകാല ജൈവ പച്ചക്കറി കൃഷി നടത്തി ആവശ്യക്കാർക്ക് മിതമായ വിലയിൽ വിപണനം നടത്തുന്നു.

13) മാർക്കറ്റിൽ സോളാർ കൊപ്ര ഡ്രയർ പ്രവർത്തിക്കുന്നു.

14) മാർക്കറ്റിൽ പോളിഹൗസ്, കോൾഡ് സ്റ്റോറേജ് എന്നിവയുടെ നിർമ്മാണത്തിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(signature)
അണ്ടർ സെക്രട്ടറി